## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1474** — **05.02.2019 ൽ മറുപടിയ്ക്ക്**

## ടിഷ്യൂ കൾച്ചർ വാഴത്തൈകൾ

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ഈ സർക്കാർ കൃഷി ഓഫീസുകൾ വഴി ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

എ) ഉണ്ട്. ജില്ല തിരിച്ചുള്ള ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|
| 1 | തിരുവനന്തപുരം | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, ജനകീയാസൂത്രണം എന്നീ പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ കർഷകർക്കു വിതരണം ചെയ്യുന്നുണ്ട്. |
| 2 | കൊല്ലം | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന ഏരിയ എക്സ്പാൻഷൻ ടിഷ്യൂകൾച്ചർ ബനാന സ്കീം എന്ന പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നു. |
| 3 | പത്തനംതിട്ട | ജില്ലയിൽ പന്തളം ഫാം വഴി ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം നടത്തുന്നു. 2018-19 കാലഘട്ടത്തിൽ 31615 ടിഷ്യൂകൾച്ചർ വാഴത്തൈകൾ തയ്യാറാക്കി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. |
| 4 | ആലപ്പുഴ | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ കർഷകർക്കു വിതരണം ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| 5 | കോട്ടയം | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തു വരുന്നു. |
| 6 | ഇടുക്കി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന എം.ഐ.ഡി.എച്ച് പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴ വിസ്തൃതി വ്യാപനത്തിനായി ഒരു ഹെക്ടറിന് 37,500/- രൂപ സബ്സിഡി ഇനത്തിൽ കർഷകർക്ക് നൽകുന്നുണ്ട്. ഈ തൈകൾ യഥാക്രമം സർക്കാർ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. കർഷകർക്ക് തൈകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു. |
| 7 | എറണാകുളം | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ എം.ഐ.ഡി.എച്ച് പദ്ധതിയിൽ ഏരിയ എക്സ്പാൻഷൻ ടിഷ്യൂകൾച്ചർ ബനാന സ്കീം എന്ന ഘടകത്തിൽ ആർ.ആർ.എസ് വൈറ്റില, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങൾ വഴി ടിഷ്യൂകൾച്ചർ വാഴത്തൈകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |
| 9 | പാലക്കാട് | ജനകീയാസൂത്രണ പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ സൗജന്യമായും സബ്സിഡി നിരക്കിലും വിതരണം ചെയ്തുവരുന്നു. |
| 10 | കോഴിക്കോട് | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |
| 11 | മലപ്പുറം | ജനകീയാസൂത്രണം വഴിയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി വഴിയും കർഷകർക്ക് |

| | | |
|---|---|---|
| | | ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |
| 12 | വയനാട് | കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം 65 ഹെക്ടർ സ്ഥലത്തേക്ക് ടിഷ്യുകൾച്ചർ വാഴത്തൈകൾ വി.എഫ്.പി.സി.കെ യിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 13 | കണ്ണൂർ | 2018-19 ആന്വൽ ആക്ഷൻ പ്ലാൻ പ്രകാരം സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, സ്പെഷ്യൽ പാക്കേജ് പദ്ധതിയിലൂടെ ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരവും ജനകീയാസൂത്രണ പദ്ധതി പ്രകാരവും കൃഷി ഭവനുകൾ വഴി ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |

കൂടാതെ വി.എഫ്.പി.സി.കെ യുടെ പാലക്കാട് ജില്ലയിലുള്ള ആലത്തൂർ വിത്ത് സംസ്കരണ ശാലയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ടിഷ്യുകൾച്ചർ ലാബിൽ നിന്നും കൃഷി ഭവനുകൾക്ക് ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം നടത്തുന്നുണ്ട്.

ബി) ഓരോ തൈയ്ക്കും എത്ര രൂപയാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്; വിശദാംശം നൽകുമോ;

ബി) ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (ബി.എം.എഫ്.സി) കഴക്കൂട്ടം മുഖേന ടിഷ്യുകൾച്ചർ ദൃഢീകരിച്ച വാഴത്തൈകൾ ഒന്നിന് 15/- രൂപയും ദൃഢീകരിക്കാത്ത വാഴത്തൈ ഒന്നിന് 10/- രൂപയും എന്ന സർക്കാർ നിരക്കിലും വി.എഫ്.പി.സി.കെ യിൽ നിന്നും ടിഷ്യുകൾച്ചർ വാഴത്തൈകൾ ഗ്രാന്റൈൻ ഇനം 18/- രൂപയും നേന്ത്രൻ 20/- രൂപയും എന്ന നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

സി) സൗജന്യ നിരക്കിൽ നൽകേണ്ട തൈകൾക്ക് വിവിധ കൃഷി ഓഫിസുകളിൽ 1 രൂപ, 5 രൂപ, എന്നിങ്ങനെ വില ഈടാക്കുന്നതായ സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

സി) ജനകീയാസൂത്രണ പദ്ധതികളിൽ സബ്സിഡി വിഹിതത്തിൽ നിന്നും അധികമായി വരുന്ന തുക കർഷകരിൽ നിന്നും ഈടാക്കുന്നതാണ്. ഒരു തൈയുടെ വില 20/- രൂപയാണെങ്കിൽ അതിൽ സബ്സിഡി തുകയായ 15/- രൂപ കിഴിച്ച് ബാക്കി വരുന്ന 5/- രൂപ കർഷകരിൽ നിന്നും

ഈടാക്കുന്നുണ്ട്. എന്നാൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന എം.ഐ.ഡി.എച്ച് പദ്ധതി പ്രകാരം ടിഷ്യുകൾച്ചർ വാഴത്തൈകൾ സർക്കാർ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വാങ്ങി കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു.

| | | | |
|---|---|---|---|
| ഡി) | ഉണ്ടെങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനും കർഷകരിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ? | ഡി) | നിയമാനുസൃതമായ നിരക്ക് മാത്രമേ കർഷകരിൽ നിന്നും ഈടാക്കുന്നുള്ളൂ. പദ്ധതി വിഹിതം കഴിഞ്ഞുള്ള തുക മാത്രമേ കർഷകരിൽ നിന്നും ഗുണഭോക്തൃ വിഹിതമായി സ്വീകരിക്കുന്നുള്ളൂ. |

Mayap

**സെക്ഷൻ ഓഫീസർ**